# സമയം കഴിഞ്ഞെത്തുന്ന സന്ദർശകൻ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

പൂങ്കാവനത്തിലെ കാവൽക്കാരൻ പറഞ്ഞു:
ഞങ്ങൾ അഞ്ചുമണിക്കടയ്ക്കുന്നു –
നിങ്ങൾക്കിഷ്ടമുള്ള ചുവന്ന റോസ്
വേനലറുതിയിൽ ഇന്നും
വാടിത്തളർന്ന്, നിങ്ങൾക്കായ്
പൊഴിഞ്ഞിരിക്കുന്നു ...

കാഴ്ചബംഗ്ളാവിലെ ദ്വാരപാലൻ മൊഴിഞ്ഞു:
ഞങ്ങൾക്കിന്ന് തിങ്കളാഴ്ച അവധി –
നിങ്ങൾ വിലമതിച്ചിരുന്ന മദ്ധ്യയുഗത്തിലെ
സന്യാസിയുടെ ശിലാബിംബം
നിങ്ങളെ കാണാഞ്ഞുള്ള നടുക്കത്തിൽ
മുറിഞ്ഞ് കബന്ധമായി നില്ക്കുന്നു ...

മൃഗശാലയിലെ ടിക്കറ്റ് ക്ലാർക്ക് അറിയിച്ചു:
ഇന്ന് സന്ദർശകർക്ക് നിരോധനമാണ് –
താങ്കളെ നോക്കി ഇളിക്കാറുള്ള
ചിമ്പൻസിയും സിംഹവാലൻ കുരങ്ങും
നിരാഹാരത്തിലിരുന്ന്
ആനമലയിലെ സൂര്യോദയം പാർത്ത്
അസ്തമനഭയത്തിൽ മയങ്ങുന്നു ...

ശവവാഹിനി സൂക്ഷിപ്പുകാരൻ കയർത്തു:
നിങ്ങളുടെ മുത്തച്ഛൻ
ഇന്നലെ മരിക്കേണ്ടതായിരുന്നു –
ഇന്നിവിടെ ബന്ദിൻ കല്ലുകളേൽക്കാൻ

ചില്ലുകുപ്പായമണിഞ്ഞ
ഈ വണ്ടി വാടകയ്ക്കില്ല ...

ദീപാരാധനയിൽ വിയർത്ത
കീഴ്ശാന്തി മുറുമുറുത്തു:
ജ്വരബാധയിൽ വിറങ്ങലിച്ച മേൽശാന്തി
പലവട്ടം ഉരുവിട്ട
മന്ത്രധ്വനിയിൽ തളർന്നപ്പോൾ
ശ്രീകോവിലടച്ചു -
ശീവേലിക്കുഴലൂത്ത് സ്വപ്നദൃശ്യമാക്കിയ
താനിനി മുട്ടുശാന്തിക്കായ്
ശ്രാവണം വരെ ശ്രീദേവിയെ ധ്യാനിക്കണം ...

****************************************************************************